For Private Circulation Only

September 2018

ആഗമനനാദം

HOLY BIBLE

Vol.65 | നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതു കൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ (ലൂക്കൊ.12:40) | No.9

രണ്ടു പ്രത്യക്ഷതകളും ദൈവകൃപയുടെ പ്രമാണവും

By Charles H.Spurgeon

" സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും ജീവിച്ചു പോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ച് വളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്ത് സൽപ്രവർത്തികളിൽ ശുഷ്കാന്തിയുള്ളൊരു സ്വന്തജനമായി തനിക്ക് ശുദ്ധീകരിക്കേണ്ടതിന് തന്നെത്താൻ നമുക്കു വേണ്ടി കൊടുത്തു" (തീത്തൊ. 2:11-14).

ദൈവത്തിന്റെ ജനം രണ്ട് പ്രത്യക്ഷതകൾക്കിടയിലാണ് നില്ക്കുന്നത്. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ ". (വാക്യം 11). വീണ്ടും താൻ പറയുന്നത് " നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട്" (വാക്യം 12) നാം ജീവിക്കുന്ന കാലഘട്ടം കർത്താവിന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള രണ്ട് പ്രത്യക്ഷതകൾക്കിടയിലാണ്.

നാം തീയതി കണക്കാക്കുന്നത് യേശുക്രിസ്തുവിന്റെ കന്യകാജനനം മുതലാണ്. കർത്താവിന്റെ വർഷം എന്നർത്ഥമുള്ള അന്നോഡൊമിനിയിൽ നിന്നും നാം ആരംഭിക്കുന്നു. ബാക്കി സമയത്തെ ക്രിസ്തുവിന് മുമ്പ് എന്ന് വിളിക്കുന്നു. ബത്ലഹേമിലെ പുൽക്കൂട്ടിൽ നിന്നാണ് നമ്മുടെ ആരംഭം. നമ്മുടെ പ്രധാന നാഴികക്കല്ല് എന്നത്, ലോകത്തിന്റെ വെളിച്ചമായ കർത്താവായ യേശുക്രിസ്തുവാണ്. നാം കാത്തിരിക്കുന്നത് താഴ്മയുള്ള നസറേത്തുകാരന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട ദൈവകൃപയിലാണ്. അവനിലാണ്. നമ്മുടെ ആശ്രയം. ജഡത്തിൽ വെളിപ്പെട്ട് നമ്മുടെയിടയിൽ പാർത്തവനിൽ നാം വിശ്വസിക്കുന്നു. അവന്റെ മഹത്വം ആളുകൾ നോക്കിപാർക്കുന്നു. പിതാവിൽ നിന്നുള്ള ഏകജാതനായവന്റെ മഹത്വമായി, അതെ, ദൈവകൃപയിലും സത്യത്തിലും നിറഞ്ഞവൻ. ജാതികളുടെ ഇരുളടഞ്ഞ കാലഘട്ടങ്ങളെ മുറിച്ചു മാറ്റിക്കൊണ്ട് യേശു ആദ്യം പ്രത്യക്ഷനായി, മഹത്വപൂർണ്ണമായ മറ്റൊരു പ്രഭാതം ഉദിക്കുകയായി.

പ്രിയമുള്ളവരേ നാം അവിടുത്തെ രണ്ടാം വരവിനായി കാത്തിരിക്കുകയാണ്. ഈ കാലത്തിന് ശേഷം മറ്റൊരു പ്രത്യക്ഷത. അത് ഒരു മഹത്വപ്രത്യക്ഷതയാണ്. ഗുരു ഒലിവുമലയിൽ നിന്നും സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ തന്റെ ശിഷ്യന്മാർ ഒരു നിമിഷം എന്താണ് സംഭവിക്കുന്നത് എന്നറിയാതെ നോക്കി നിന്നും പെട്ടെന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ട് വാഗ്ദത്തം ഓർമ്മിപ്പിച്ചു സംസാരിച്ചത്, " ഗലീലാപുരുഷന്മാരേ നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും" (അ.പ്ര. 1:11) നാം വിശ്വസിക്കുന്നത് കാലത്തിന്റെ തികവിൽ നമ്മുടെ കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരും (1തെസ്സ. 4:16).

" കർത്താവു വരും!
ഭൂമികുലുങ്ങും!
പർവ്വതങ്ങൾ വിറയ്ക്കും!
ഇരുട്ടിന്റെ ശക്തികൾ പരാജയപ്പെടും ".
നക്ഷത്രങ്ങൾ മങ്ങും.

ഈ കാലം മാറിപ്പോകും അന്നോഡൊമിനി (എ.ഡി) മുതൽ നാം കാത്തിരിക്കുന്നു, അതിലാണ് നമ്മുടെ കർത്താവ് ആദ്യം വന്നത്. നമ്മുടെ കർത്താവിന്റെ വർഷം അതിൽ നമ്മുടെ കർത്താവ് രണ്ടാമതും വരും, സർവ്വശക്തിയോടും പരിവാരത്തോടൊപ്പം വരും, നീതിയിൽ വാഴും, ദുഷ്ടന്റെ ആധിപത്യങ്ങളെ ഇരുമ്പുകോൽ കൊണ്ടു നേരിടും.

നോക്കുക, പിന്നെ നാം എവിടെയാണ്. രണ്ടു പ്രത്യക്ഷതകൾക്കും ഇടയിലാണ്. നമുക്കു മുമ്പിൽ ആവലിയെ പ്രത്യാശ, നമുക്കു പിമ്പിൽ നമുക്കു വേണ്ടി താഴ്മ ധരിച്ച ദൈവപുത്രൻ. നമുക്കു മുമ്പിൽ ഇതാ മഹാദൈവം, നമ്മുടെ രക്ഷകൻ തന്റെ മഹത്വത്തിൽ. നാം രണ്ട് പ്രത്യക്ഷതകൾക്ക് നടുവിലാണ്. ആദ്യം താഴ്മയുള്ളവനായി താഴ്മയുള്ള ജഡശരീരത്തിൽ വെളിപ്പെട്ട ദൈവപുത്രൻ, രണ്ടാമത് കാണുന്നത്, അതേ ദൈവപുത്രന്റെ ശക്തിയിലും തേജസിലുമുള്ള വെളിപ്പാട്. ഏതുനിലയിലാണ് വിശുദ്ധന്മാരെ കാണപ്പെടുന്നത്. അവർക്കു വേണ്ടി ദൈവം ഒരുക്കിയ കാലം അവിടുത്തെ പ്രത്യക്ഷതയോടുകൂടെ ആരംഭിക്കുന്നു.

ഈ ലോകത്തിന്റെ സ്വഭാവം

നമ്മുടെ ഇപ്പോഴത്തെ അവസ്ഥയ്ക്കുറിച്ചു പറയുന്നത്. " ഇപ്പോഴത്തെ ലോകം അഥവാ കാലഘട്ടം" എന്നാണ്. നാം ജീവിക്കുന്ന കാലഘട്ടം തന്റെ പ്രത്യക്ഷതകൾ എന്ന രണ്ട് മിന്നുന്ന വിളക്കുകളുടെ നടുവിലാണ് നമ്മിൽ ഒരുവൻ മറ്റൊരുവനെ ധൃതിപ്പെടുത്തുവാനായി വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ എല്ലാ പ്രത്യാശയും രണ്ടാമത്തെ പ്രത്യക്ഷതയിലാണ്. നമുക്കു പ്രത്യാശിക്കുവാനുള്ളതെല്ലാം ഒന്നാമത്തെ പ്രത്യക്ഷതയിൽ നൽകിയതുപോലെ ഈ മദ്ധ്യ കാലഘട്ടത്തിൽ ക്ഷമയോടും പ്ര

(ശേഷം 5-ാംപേജിൽ)

ദൈവത്തിന്റെ കൃപ നാം ചിന്തിക്കുന്നതിനേക്കാൾ എത്രയോ അത്ഭുതകരമാണ്

By David Bryant

കൃപ എന്ന് വേദപുസ്തകം ധാരാളമായി ഉപയോഗിച്ചിരിക്കുന്ന പദം വളരെ അർത്ഥ ഗംഭീര്യമുള്ളതായി, പിതാവാം ദൈവം പുത്രനിലൂടെ പരിശുദ്ധാത്മാവിനാൽ ചെയ്തെടുക്കുന്ന നമുക്കുവേണ്ടി ഒരുക്കുന്ന മഹാ രക്ഷയെക്കുറിക്കുന്നതാണ്. എന്നാൽ ആ രക്ഷയിൽ യാഥാർത്ഥമായി എന്താണ് ഉള്ളടക്കം ചെയ്തിരിക്കുന്നത്? മറ്റെല്ലാറ്റെയുംകാൾ ഉപരി ദൈവകൃപ അത്ഭുതമായിരിക്കുന്നത് എന്തുകൊണ്ടാണ്? ഒരു അടിമക്കച്ചവടക്കാരനായിരുന്ന ജോൺ ന്യൂട്ടൺ 18-ാം നൂറ്റാണ്ടിൽ ഒരു പാസ്റ്ററും ഗാനരചയിതാവും ആയിരുന്നു. അദ്ദേഹം രചിച്ച “Amazing Grace” എന്ന ഗാനം വളരെ പ്രസിദ്ധമാണ്. അതിൽ ഉദ്ധരിക്കുന്ന ദൈവകൃപയുടെ ആഴങ്ങളെ സംബന്ധിച്ച ചിലവരികൾ ഇവിടെ കുറിക്കുന്നു:

“ ബഹുവിധമായ അപകടങ്ങളിലൂടെ

അദ്ധ്വാനങ്ങളിലൂടെ

കണികളിലൂടെ ഞാൻ കടന്നുപോയി.

ആ ദൈവകൃപ എന്നെ ഇതുവരെ കൊണ്ടു വന്നു; അത് എന്നെ വീട്ടിലേയ്ക്ക് കൊണ്ടുപോകും.

അതാണ് അത്ഭുതകരമായ ദൈവകൃപയുടെ യാഥാർത്ഥ്യം. ദൈവം നമ്മോടുകാണിച്ച ദൈവകൃപയുടെ അത്ഭുകരമായ സത്യത്തെ സംബന്ധിച്ച് നമുക്ക് ശ്രദ്ധിക്കാം. നിങ്ങളുടെ ശേഷിച്ച കാലത്തെ കഴിഞ്ഞ ഏതുകാലത്തെക്കാളുപരി നിങ്ങളുടെ ജീവിതത്തിൽ അനുഭവിക്കാൻ കഴിയുന്ന, ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ആ ദൈവകൃപയെ സംബന്ധിച്ച അഞ്ചു പദങ്ങൾ പരിചയപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്നാൽ ആദ്യം മൂന്ന് പദങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവത്തിന്റെ കരുണ, ദൈവത്തിന്റെ കൃപ, ദൈവത്തിന്റെ സ്നേഹം. പാപികളുടെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ ഈ പദങ്ങൾ നൽകുന്ന ചിന്താഗതികളുടെ വ്യത്യാസം എന്താണ്? പാപികൾ എന്ന നിലയിൽ നാം പാപം ചെയ്യുമ്പോൾ അതിനുള്ള ന്യായവിധിയെ ദൈവം തടഞ്ഞുവയ്ക്കുന്നു എന്ന അർത്ഥമാണു കരുണ എന്ന പദം നൽകുന്നത്. കൃപ എന്നത് നാം അർഹിക്കാത്ത സ്ഥാനത്ത് ദൈവം നൽകിയ അനുഗ്രഹങ്ങളെ കാണിക്കുന്നു. ദൈവം തന്റെ ഉടമ്പടികാത്തുകൊണ്ട് എന്നേയ്ക്കുമായി നമ്മോടു കാണിച്ച കരുണയുടെയും കൃപയുടെയും ആഴമാണ് സ്നേഹം. നിശ്ചയമായും ഈ മൂന്നു കാര്യങ്ങളും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ പിതാവായ ദൈവം നമുക്ക് നൽകിയിരിക്കുന്നു.

ഇനി നമുക്ക് കൃപ എന്ന പദത്തെ സംബന്ധിച്ച് അല്പം കൂടുതലായി ചിന്തിക്കാം

ജി -ഗോഡ്സ്

ആർ- റിച്ചസ്

എ-എ+ സി.ക്രൈസ്റ്റ്

ഇ- എക്സ്പെൻസ്

ദൈവം നമ്മോടു കാണിച്ച അത്ഭുതകരമായ ദൈവകൃപയുടെ ചിന്തയിലേക്ക് നമുക്കു കടന്നു പോകാം. ദൈവവചനം പഠിക്കുമ്പോൾ നാം കാണുന്നത് “ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങളുടെ അളവറ്റ വലിപ്പത്തെ സംബന്ധിച്ച വാഗ്ദത്തങ്ങളാണ്. അതെ, നമുക്കുവേണ്ടി കർത്താവായ യേശുക്രിസ്തുവിൽ” (എഫെ. 3:8; 2 കൊരി. 1:20).

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പറഞ്ഞിട്ടില്ലത്ത അനുഗ്രഹങ്ങളെക്കുറിച്ച് നമുക്ക് ഒരു പിടിയുമില്ല. വെളിപ്പെടുത്തപ്പെടാത്ത അനുഗ്രഹങ്ങളുമുണ്ട്. അതിന് അവസാനമില്ലാതവണ്ണം

(ശേഷം 3-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. “നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവൻ അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും ” (യെശ. 9:6)

2018-ാം വർഷത്തിന്റെ ആഗസ്റ്റ് മാസം നമ്മെ വിട്ട് കടന്നുപോയി. സെപ്റ്റംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമ്മുടെ ബലഹീനതകളെ കർത്താവ് അറിയുന്നു. കർത്താവിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ വസിച്ചുകൊണ്ട് ആ അത്യന്ത ശക്തിയെ നമ്മുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തി യേശുവിനു വേണ്ടി ശക്തിയോടെ നിൽക്കുവാൻ കർത്താവ് നിങ്ങൾക്ക് കൃപനൽകട്ടെ. ദൈവത്തിന് ഇഷ്ടമല്ലാത്ത കാര്യങ്ങൾ നമ്മിലുണ്ടെങ്കിൽ അത് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു. ദൈവത്തിന്റെ ആത്മാവ്, സത്യത്തിന്റെയും വിശ്വാസത്തിന്റെയും കൃപയുടെയും ജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും ആത്മാവാണ്. കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെട്ടുകൊണ്ട് ഓരോ ദിവസവും ജീവിക്കുവാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ കൃപ നാം ചിന്തിക്കുന്നതിനേക്കാൾ എത്രയോ അത്ഭുതകരമാണ്

നാം ക്രിസ്തുയേശുവിൽ സന്തോഷിക്കും. നാം ദൈവത്തോട് ചെയ്ത പാപത്തെ ക്ഷമിച്ച നമ്മെ രക്ഷിക്കുവാൻ നമുക്കുവേണ്ടി ചെയ്ത ചെലവ് എന്നത്, തന്റെ ഏകജാതനായ പുത്രനെ കാൽവറി ക്രൂശിൽ കഷ്ടമനുഭവിക്കാൻ നമുക്കു വേണ്ടി ഏല്പിച്ചുതന്നു എന്നുള്ളതാണ്. ജോൺ ന്യൂട്ടൺ തന്റെ ഗാനത്തിൽ ആ അത്ഭുതകൃപയെ വിവരിക്കുവാൻ ചില വരികൾ കൂടെ കുറിക്കുന്നു.

ദൈവം എനിക്കു നന്മ വാഗ്ദത്തം ചെയ്തു.

തന്റെ വചനം എന്റെ പ്രത്യാശ, അത് എന്നെ സംരക്ഷിക്കുന്നു.

എത്രത്തോളം ഞാൻ സഹിക്കുമോ അത്രത്തോളം അവിടുന്ന് എന്റെ പരിചയും എന്റെ ഓഹരിയും ആകുന്നു.

പുതിയ നിയമത്തിൽ ദൈവകൃപയുടെ അത്ഭുതത്തെ സംബന്ധിച്ച് നാം വായിക്കുന്ന വേദഭാഗങ്ങളിൽ ഉടനീളം ആ കൃപയുടെ മഹത്വത്തെ നമുക്ക് കാണാൻ കഴിയും.

മറ്റു ഒരു അഞ്ചുവാക്കുകൾ കൂടെ ദൈവകൃപയെക്കുറിച്ച് ഞാൻ ഉദ്ധരിക്കട്ടെ; അത് മറ്റൊരു നിലയിൽ ആഴമായിരിക്കുന്നു.

ജി -ഗോഡ്സ്
ആർ- റവലൂഷൻ
എ-അച്ചീവിട് ബൈ
സി- ക്രൈസ്റ്റ്
ഇ-എക്സാൽറ്റഡ്

ഓരോ വാക്കും നമുക്ക് ശ്രദ്ധിക്കാം. ദൈവം സ്വാഭാവികമായി തന്നെ ഒന്നാമതായി വരുന്നു. അവിടുന്ന് സകലത്തിനും കാരണഭൂതനും, സകലത്തിനും ഉറവിടവും എല്ലാറ്റിന്റെയും ഉറപ്പും ആകുന്നു.

റെവല്യൂഷൻ എന്നതിന് പരിവർത്തനം, മഹത്തായ മാറ്റം എന്നൊക്കെയാണർത്ഥം. നമുക്കു വേണ്ടിയുള്ള ദൈവകൃപയുടെ എല്ലാ വെളിപ്പാടുകളും അതിൽപെടുന്നു. ദൈവം എപ്പോഴും നമുക്കുവേണ്ടി എല്ലാം നന്നായിചെയ്യുവാൻ ആഗ്രഹിക്കുന്നു. വേദപുസ്തകം വിശ്വാസികളെക്കുറിച്ച് സംസാരിക്കുമ്പോൾ, വീണ്ടും ജനിച്ചവർ; പുതിയ സൃഷ്ടി എന്നൊക്കെയാണ് സംസാരിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിൽ നാം പൂർണ്ണരാകത്തക വണ്ണം നമ്മെ രൂപാന്തരപ്പെടുത്തുന്ന പ്രവൃത്തിയത്രേ തിരുവചനത്തിൽ നാം വായിക്കുന്നത്. (റോമർ.28,29) അതിനേക്കാൾ രൂപാന്തരം നമുക്കു വേറെ സാദ്ധ്യമല്ല.

അച്ചീവ്ഡ് - നേടി എന്നാണ് ഈ പദത്തിന്റെ അർത്ഥം. ജീവിതത്തിൽ ദൈവം വരുത്തുന്ന സമൂലമായ മാറ്റത്തെ അത് കാണിക്കുന്നു. അർഹതയില്ലാത്ത സ്ഥാനത്ത് നമുക്ക് പകർന്നു തരുന്ന ദൈവത്തിന്റെ എല്ലാ നിറവുകളും അതിൽപെടുന്നു. നമുക്ക് ഒരിക്കലും തിരികെകൊടുക്കുവാൻ കഴിയാത്ത നിലയിലുള്ള അളവറ്റ, ആഴമായ അനുഗ്രഹങ്ങളത്രേ നമുക്ക് നൽകിയിരിക്കുന്നത്.

ഇവ എല്ലാറ്റിലുമുപരി എല്ലാറ്റിന്റെയും കാരണക്കാരൻ ക്രിസ്തുവാണ് യേശുവിന്റെ ഔദ്യോഗികനാമം. അഭിഷിക്തൻ എന്നാണിതിന്റെ അർത്ഥം. പിതാവ് പുത്രന് തന്റെ പദവി കാണിക്കാൻ വേണ്ടി, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള തന്റെ അധികാരത്തെ ചൂണ്ടിക്കാണിക്കുവാൻ എല്ലാറ്റിന്റെയും കേന്ദ്രവും, നിറവും, ദൈവത്തിന്റെ പദ്ധതികളുടെ പൂർത്തീകരണവും വാഗ്ദത്തങ്ങളും നിറവും വിശുദ്ധന്മാരുടെയും ദൂതന്മാരുടെയും കൂടെ ആരാധനാ കേന്ദ്രവും പ്രവാചകന്മാരെയും, പുരോഹിതന്മാരെയും നിയമിച്ചിരിക്കുന്നവനും അത്രേ.

മേൽപ്രസ്താവിക്കപ്പെട്ട കാര്യങ്ങൾ ക്രിസ്തു ഉയർത്തപ്പെട്ടവൻ എന്ന് പ്രഖ്യാപിക്കുവാൻ നമ്മെ സഹായിക്കുന്നു. യേശു മരിച്ച് ഉയിർത്ത് സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്തു. പിതാവിന്റെ വലത്തു ഭാഗത്തു ആയിരിക്കുമ്പോൾ സർവ്വലോകത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയായിരുന്നു അത്. പിതാവ് സർവ്വത്തിനും മീതെ അധികാരിയാക്കി.

ദൈവം നമ്മുടെ വീണ്ടെടുപ്പുകാരനായ തന്റെ പുത്രനെ പ്രപഞ്ചത്തിലെ ഏറ്റവും ബഹുമാന്യനാക്കി (അ.പ്ര. 1) ഉദാഹരണമായി ഇനി ഒരിക്കലും ആവർത്തിക്കപ്പെടുവാൻ ആവശ്യമില്ലാത്ത നിലയിൽ ഒരിക്കലായി നമുക്കു വേണ്ടി തുറക്കപ്പെട്ട വഴിയാണ് കർത്താവായ യേശുക്രിസ്തു.

നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ളതൊക്കെയും യേശു ചെയ്തു. യേശു തന്റെ ജഡാവതാരത്താൽ നിയോഗിക്കപ്പെട്ട ക്രൂശീകരണത്താൽ പുതുസൃഷ്ടിയായി ഉയിർത്തഴുന്നേല്പിച്ചു

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(2-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ കൃപ നാം ചിന്തിക്കുന്നതിനേക്കാൾ എത്രയോ അത്ഭുതകരമാണ്

നാൽ, തന്റെ സ്ഥാനാരോഹണം സ്ഥിരീകരിക്കപ്പെട്ടു. അവിടുത്തെ പരമാധികാരത്താൽ തന്നിൽ വിശ്വസിക്കുന്ന എല്ലവർക്കും വേണ്ടി ഒരുക്കപ്പെട്ടു, എന്നേയ്ക്കുമുള്ള രക്ഷ നമുക്കുവേണ്ടിയുള്ള ആ പരമാധികാരത്താൽ വിശ്വസിക്കുന്ന നമുക്കു വേണ്ടിയുള്ള പദവിയും യോഗ്യതയും ഉറപ്പിക്കപ്പെട്ടു. ഇതിനെക്കാൾ അത്ഭുതകരമായ ഒരു കാര്യമുണ്ടോ?

ഈ അഞ്ചു സാധാരണ പദങ്ങൾ, ദൈവകൃപയുടെ അളവില്ലാത്ത മഹത്വത്തെ ചൂണ്ടിക്കാണിക്കുന്നു. അതിനെക്കാൾ വലിയൊരു പരിവർത്തനം നമ്മിൽ നടക്കുവാനില്ലല്ലോ!

യഥാർത്ഥത്തിൽ ദൈവകൃപയുടെ ഈ സമൂലമായ കാഴ്ചപ്പാടിനെക്കുറിച്ചു വേദപുസ്തകം വിശദമായി സംസാരിക്കുന്നു. ധാരാളം വേദഭാഗങ്ങൾ അതിനെക്കുറിച്ച് സംസാരിക്കുന്നു എങ്കിലും അവയിൽ ചിലതു മാത്രം നമുക്ക് നോക്കാം.

ഒന്നാമതായി എഫെസ്യർ 2:8-10 വരെ നോക്കാം. നിർഭാഗ്യവശാൽ ചിലർ ഈ വേദഭാഗം വായിച്ച് 9-ാം വാക്യത്തിൽ നിർത്തികളയാറുണ്ട്. അങ്ങനെയാണെങ്കിൽ അത് ഇങ്ങനെ വായിക്കേണ്ടിവരും. " കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല"; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. എന്നാൽ പത്താം വാക്യത്തിൽ നാം വായിച്ചു ഗ്രഹിക്കുവാൻ പൗലൊസ് ആവശ്യപ്പെടുന്നത്. " നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.

ദൈവകൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ സൃഷ്ടിക്ക് കാരണമായ ദൈവത്തിന്റെ കൈപ്പണിയായി നാം വീണ്ടും ജനനത്തിലൂടെ പുതിയ സൃഷ്ടിയായിത്തീർന്നിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിനോടുള്ള കൂട്ടായ്മയിൽ ജീവിച്ചു മറ്റുള്ളവർക്ക് മാതൃകയായിരിപ്പാൻ ഉയർത്തപ്പെട്ട യേശു നമ്മെ വിളിച്ചു ഒരുക്കിയിരിക്കുന്നു.

മറ്റൊരു ഉദാഹരണം 2കൊരി. 8:9-ൽ കാണാം. "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ". യേശുരക്ഷിതാവും കർത്താവുമാണ്. നമ്മുടെ ആത്മിക ദാരിദ്ര്യത്തിൽ നിന്നും വിടുവിച്ചു നമ്മെ സമ്പന്നരാക്കുവാൻ നമ്മുടെ ദൈവം ശക്തനാണ്. ക്രിസ്തുവിൽ സമ്പന്നർ എന്നത് ദൂരവ്യാപകമായതും കർത്താവിനോടുകൂടെ നടക്കുന്നതിനാൽ ലഭിക്കുന്നതുമാണ്.

റോമർ. 5:20-ൽ കാണുന്നത്: " എങ്കിലും പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു. 5:21-ൽ പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവനായി വാഴേണ്ടതിന് തന്നെ".

ദൈവകൃപയെന്നത് ഒരു ആധിപത്യത്തെ സംബന്ധിച്ചുള്ളതാണ്. ഇപ്പോൾ ക്രിസ്തു സകലത്തേയും ഭരിച്ചു വാഴുന്നു. വിശ്വാസികൾ തന്റെ ആധിപത്യത്തിൻ കീഴിലാണ് എന്ന് മാത്രമല്ല തന്റെ വിജയത്തിൽ പങ്കാളികളുമാണ്. മരണത്തിന്റെ അടിമത്വത്തിനു പകരം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാൽ നാം മരണത്തെ വെല്ലുവിളിക്കുന്നു. ഇത് ഒരു പരിവർത്തനമല്ലെങ്കിൽ പിന്നെ എന്താണ്?

എഫെസ്യർ. 4:7-ൽ വായിക്കുന്നത് "എന്നാൽ നമ്മിൽ ഓരോരുത്തന് ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന് ഒത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു ". കർത്താവായ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിൽ നിന്നും വരുന്ന ഉറപ്പാണ് എന്ന കാര്യം നാം മറക്കാതിരിക്കട്ടെ. ക്രിസ്തു ഉയർത്തപ്പെട്ടു. തന്റെ വ്യാപാരശക്തിയാൽ നമ്മെ അധികാരത്തോടെ ഉയിർത്തിയിരിക്കുന്നു, പൂർണ്ണതയുടെ അളവായ ക്രിസ്തുവിന്റെ നിറവോളം (വാക്യം 8-13). നാം നഷ്ടമായിപ്പോകാതെ എക്കാലവും കാത്തു സൂക്ഷിക്കുന്ന ക്രിസ്തുവിനെയും അവിടുത്തെ നിറവുകളെക്കുറിച്ചും സംസാരിക്കണം.

അതുകൊണ്ട് പ്രഘോഷിപ്പിക്കുന്ന ദൈവത്തിന്റെ വഴികൾ എത്രയോ വലുതത്രേ. വെളി.21 ഉം 22ഉം അദ്ധ്യായങ്ങൾക്കു ശേഷം വരാൻ പോകുന്ന വലിയമാറ്റങ്ങൾ പുതിയ ആകാശവും പുതിയ ഭൂമിയും എന്നപുതുക്കത്തിലേക്ക് ലോകം മാറുന്നു. കുഞ്ഞാടു വിളക്കായിരിക്കുന്ന നഗരം. വേദപുസ്തകത്തിന്റെ ഏറ്റവും ഒടുവിലത്തേതിനു മുമ്പുള്ള വാക്യം ഘോഷിക്കുന്നത് "ആമേൻ കർത്താവായ യേശുവേ വേഗം വരേണമേ. എന്നിട്ട് ഒടുവിലത്തെ വാക്യം സംസാരിക്കുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ ആമേൻ ".

ഇവിടെ പറയുന്നത് അതിശയിപ്പിക്കുന്നതും ഇനി ആവർത്തിക്കപ്പെടാത്തതും ആയ ദൈവത്തിന്റെ രൂപാന്തരപ്പെടുത്തുന്ന പ്രവൃത്തി ഉല്പത്തി മുതലുള്ള പുസ്തകങ്ങളിൽ നാം കാണുന്നു. നിത്യരാജ്യത്തിന്റെ സ്ഥാപനവും ഈ ലളിതമായ ആശീർവാദവചനത്തിൽ നാം കാണുന്നു. ചുരുക്കത്തിൽ ലോകത്തിലെ സകല പരിവർത്തനങ്ങളും കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ പ്രവൃത്തികളത്രേ.

വ്യക്തികളിലും പരിവർത്തനം

വേദപുസ്തകം വായിക്കുമ്പോൾ ദൈവകൃപയുടെ പ്രവൃത്തി വ്യക്തിപരമായി വിശ്വാസികളിൽ പ്രവൃത്തിക്കുന്നതു കാണാം. എങ്ങനെ ദൈവം നമ്മിൽ പ്രവൃത്തിക്കുന്നു എന്ന് നാം അറിയണം എന്ന് ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ നാം മനസ്സിലാക്കുന്തോറും അതു നമ്മെ വളരെയധികമായി സന്തോഷിപ്പിക്കുന്നു. മാത്രമല്ല വീണ്ടും വീണ്ടും പരിവർത്തനങ്ങളിലൂടെ യുള്ള വ്യത്യാസങ്ങൾ നാം വചനത്തിലൂടെ അറിയുകയും ചെയ്യുന്നു.

ഉദാഹരണമായി ഉയിർത്തെഴുന്നേറ്റ സ്വർഗ്ഗാരോഹണം ചെയ്യപ്പെട്ട തന്റെ മഹത്വം യേശു പൗലൊസിനെ കാണിക്കുന്നു. (പ്രവൃ.9-ാം അദ്ധ്യായം) കർത്താവ് തന്നെ പെട്ടെന്ന് നിത്യജീവനിലേയ്ക്ക് കൊണ്ടുവരികമാത്രമല്ല, ലോകത്തിലുടനീളം രൂപാന്തരപ്പെടുന്ന ദൈവകൃപയെ വെളിപ്പെടുത്തുവാൻ ജീവിതകാലമുള്ള ശുശ്രൂഷക്കായി ആ പ്രത്യേക സമയത്തു തന്നെ, തന്നെ വേർതിരിക്കുകയാണ്.

പൗലൊസീനെ ഏല്പിച്ച രക്ഷയുടെ ദൂത് തന്റെ ഭൂതകാലവർത്തമാനകാല ഭാവികാല അനുഭവങ്ങളെ പരിഗണിച്ചുകൊണ്ടു തന്നെയാണ് നൽകപ്പെട്ടത്. അതായത് കർത്താവായ യേശുക്രിസ്തുവിലൂടെ നടന്ന പരിവർത്തനത്തിന്റെ പ്രവൃത്തി പൗലൊസിന്റെ ജീവിതത്തൽ നിവർത്തിക്കപ്പെടുകയാണ് ചെയ്യുന്നത്. അങ്ങനെ സുവിശേഷത്തെയും അതിന്റെ മാർഗ്ഗക്കാരെയും ഉപദ്രവിച്ചു വന്ന പൗലൊസ് തിരിഞ്ഞ് ചില പതിറ്റാണ്ടുകൾ സുവിശേഷത്തിന്റെ മുഖ്യപ്രസംഗിയും അനുഗ്രഹിക്കപ്പെട്ടശുശ്രൂഷകനും ആയിത്തീർന്നു.

(ശേഷം 6-ാംപേജിൽ)

(1-ാം പേജിന്റെ തുടർച്ച)

രണ്ടു പ്രത്യക്ഷതകളും ദൈവകൃപയുടെ പ്രമാണവും

ത്യാശയോടും രണ്ടാമത്തെ പ്രത്യക്ഷയ്ക്കായി കാത്തിരിക്കുന്നു.

ഇന്നത്തെ ലോകം എന്ന് പൗലൊസ് വിളിക്കുന്ന കാലഘട്ടം ഒരു ധൃതിപ്പെടുത്തുന്ന സ്വഭാവത്തോടുകൂടിയതാണ്. നമ്മുടെ കർത്താവു വേഗം വരും. അതോടുകൂടെ ഈ കാലം അവസാനിക്കും. ഇത് ഒരു ചുരുങ്ങിയകാലഘട്ടം. “വരുവാനുള്ളവൻ വരും. താമസിക്കയുമില്ല ”. ഇത് ഇന്നത്തെ ലോകം. നമ്മെ കരയിക്കുന്ന ലോകം. ഇവിടെ കാണുന്നതെല്ലാം താല്ക്കാലികമാണ്. നാം കണ്ടിട്ടില്ലാത്തതും, യഥാർ ത്ഥ്യവും നിത്യവുമായതിനെ നാം കാത്തിരിക്കുന്നു. ഒരു തീർത്ഥാടകനെപ്പോലെ ഈ ലോകത്തെ വിട്ട് നാം കടന്നു പോകുന്നു. ഒരു ശത്രുവിന്റെ രാജ്യത്തു കൂടെയത്രേ നാം കടന്നുപോകുന്നത്. ഒരു വെളിപ്പാട് വിട്ട് മറ്റൊന്നിലേക്ക് നാം കടന്നു പോകുന്നു, പക്ഷികളെപ്പോലെ പറന്ന് ഒരിടത്തു നിന്നും മറ്റൊരിടത്തേയ്ക്ക് ചേക്കേറുന്നു. ഈ വഴിയിൽ നമുക്ക് വിശ്രമമില്ല. ഈ യാത്രയിൽ നാം നമ്മെത്തന്നെ സൂക്ഷിക്കേണ്ടതുണ്ട്. “ഇവിടെ നാം അന്യരും പരദേശികളുമാണ്. ഇവിടെ നിലനിൽക്കുന്ന നഗരമില്ല ”. ഈ മായാലോകത്തിൽ നാം തിടുക്കത്തിലാണ്. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് നിത്യരാജാവായി വാഴുന്ന മനോഹര നഗരം അതത്രെ നമ്മുടെ പ്രത്യാശ. കപ്പൽ യാത്രക്കാർ അറ്റ്ലാന്റിക് കടക്കുന്നതുപോലെ ഒരു കരയിൽ നിന്ന് മറു കരയിലേക്ക്, തിരമാലകളെ താണ്ടി മാറുന്ന ഈ ലോകത്തിൽ നിന്ന് മാറ്റമില്ലാത്ത നിത്യമായ നിത്യമായ തേജസ്സിൽ പ്രത്യക്ഷനാകുന്ന, വാഴ്ത്തപ്പെട്ട കർത്താവ് നിത്യമായി വാഴുന്ന നിത്യപട്ടണത്തിലേയ്ക്ക് നാം തിടുക്കത്തിൽ യാത്ര ചെയ്യുന്നു.

വിശുദ്ധിക്കുവേണ്ടിയുള്ള ഒരു വിളി

ഒരു വിശുദ്ധ ജീവിതം നയിക്കുവാനാവശ്യമായ അത്യാശ്യമായ വിവരണം ഞങ്ങളുടെ പദവിയെ സംബന്ധിച്ചും ഇവിടെ പറഞ്ഞു കഴിഞ്ഞു. അങ്ങനെയെങ്കിൽ പ്രിയമുള്ളവരേ, യേശു ഈ ലോകത്തിന്റേതല്ലാത്തതുപോലെ നിങ്ങളും ഈ ലോകത്തിനുള്ളവരല്ല. വീണ്ടെടുപ്പുകാരന്റെ ഒന്നാമത്തെ പ്രത്യക്ഷതയുടെ വെളിച്ചം നിങ്ങളുടെ പുറകിൽ ജ്വലിച്ച് പ്രകാശിക്കുന്നു. അതുപോലെ തന്റെ രണ്ടാമത്തെ പ്രത്യക്ഷതയുടെ വെളിച്ചം അങ്ങു ദൂരെ പ്രകാശിക്കുന്നു. ഏതുതരത്തിലുള്ള ആളുകളായിരിക്കേണ്ടതിനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. ഇന്നത്തെ ഈ ദുഷ്ടലോകത്തു കൂടെയാണ് നാം യാത്ര ചെയ്യുന്നത് എങ്കിലും, ഈ ലോകത്തിന്റെ പാപങ്ങളാൽ മലിനപ്പെടുവാൻ നിങ്ങളെ ഏല്പിക്കരുത്. നിങ്ങൾ കടന്നു പോകുന്ന ഈ ലോകത്തിന്റെ സംസാരവും അതിന്റെ രീതികളും നിങ്ങൾ പഠിക്കരുതേ. വചനം പറയുന്നത്, “ ശത്രുക്കൾക്ക് നേരേ പാളയമിറങ്ങുമ്പോൾ കൊള്ളരുതാത്ത കാര്യമൊന്നും ചെയ്യാതിരിപ്പാൻ നീ സൂക്ഷിച്ചുകൊള്ളണം” (സംഖ്യ 23:9) എന്നല്ലേ? അതുകൊണ്ട് അവരുടെ നടുവിൽ നിന്നും പുറപ്പെട്ട് വേർപ്പെട്ടിരിപ്പിൻ എന്ന് കർത്താവ് അരുളിചെയ്യുന്നു; “അശുദ്ധമായതൊന്നും തൊടരുത് ” (2കൊരി. 6:17). വീണ്ടും അടുത്ത വാക്യത്തിൽ കാണുന്നത്. “എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും ആയിരിക്കും എന്ന് സർവ്വശക്തനായ കർത്താവ് അരുളിചെയ്യുന്നു” (6:18).

ക്രിസ്തുവിന്റെ വരവിന് മുമ്പായി ജീവിച്ചിരുന്നവർക്ക് തങ്ങളിൽ ഒരു ഉത്തരവാദിത്തമുണ്ടായിരുന്നു. എന്നാൽ യേശുവിന്റെ മുഖം കണ്ട നിങ്ങൾ അവരെപ്പോലെയല്ല, നിങ്ങൾ ആ മുഖം വീണ്ടും കാണാൻ കാത്തിരിക്കുന്നു. നിങ്ങൾ വെളിച്ചത്തിൽ നടന്ന് നിങ്ങളുടെ പരിജ്ഞാനത്തെ വെളിപ്പെടുത്തി, ഇരുട്ടിൽ വെളിച്ചത്തിന്റെ മക്കളായി നടക്കുന്നു. നിങ്ങൾ രണ്ട് പ്രഭാതങ്ങളുടെ നടുവിൽ ജീവിക്കുന്നു. അതിനിടയിൽ ഒരു സന്ധ്യയില്ല. ജഡാവതാരം എടുത്ത് പ്രായശ്ചിത്തയാഗമായിത്തീർന്ന കർത്താവിന്റെ മഹത്വം ഒരിക്കൽ നിങ്ങളുടെമേൽ ഉദിച്ചു, ആ വെളിച്ചം വീണ്ടും വീണ്ടും പ്രകാശിക്കുന്നു. ആ വെളിച്ചം കാലത്തിന്റെ തികവിൽ കർത്താവിന്റെ രണ്ടാം വരവിനാൽ വീണ്ടും വരും. സൂര്യൻ ഒരിക്കലും അസ്തമിക്കുന്നില്ല. അത് മറഞ്ഞിരിക്കുന്നില്ല. അതിനുവേണ്ടി കാത്തിരിക്കുന്നവരുടെ ഹൃദയങ്ങളിലേക്ക് വിവരിക്കാൻ കഴിയാത്ത പ്രകാശമായി പകരപ്പെടുന്നു. “വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക” (റോ.13:12). എത്ര ശ്രേഷ്ഠമായ അനുഭവം! വെളിച്ചത്തിന്റെ ശിരസ്ത്രം, വെളിച്ചത്തിന്റെ കവചം, വെളിച്ചത്തിന്റെ ചെരുപ്പ്, എല്ലാം വെളിച്ചത്തിൽ. ആ വീര സേനാധിധരിക്കേണ്ടതായ വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചു ഉരുക്കുവസ്ത്രം അല്ല, വെളിച്ചത്തിന്റെ വസ്ത്രം ധരിച്ച് മുന്നേറുമ്പോൾ, ആ വെളിച്ചം ശത്രുവിന്റെ പാളയങ്ങളിൽ ചുറ്റിമിന്നുമ്പോൾ, ശത്രു പാളയത്തിൽ വലിയ കലക്കം ഉണ്ടാകുന്നു. പ്രിയ വിശ്വാസിയേ യേശുക്രിസ്തുവിൽ ഒരു വിശുദ്ധ വെളിച്ചമാകുവാൻ നീ കടപ്പെട്ടിരിക്കുമ്പോൾ, നിങ്ങളുടെ അരികിൽ കൃപയുടെ പ്രത്യക്ഷതയുണ്ട്, മുമ്പൽ ഒരു മഹത്വ പ്രത്യക്ഷതയുടെ മഹത്വം നമ്മെ ചുറ്റിയിരിക്കുന്നു. അതിനിടയിൽ വിശുദ്ധിയുടെ ഒരു പ്രത്യേക മഹത്വമായിരിക്കുന്നു, അതിനിടെയിൽ വിശുദ്ധിയുടെ പ്രത്യേക മഹത്വമായിരിപ്പാൻ നാം കടപ്പെട്ടിരിക്കുന്നു. “അങ്ങനെതന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെക്കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” (മത്താ. 5:16). ദൈവവചനപ്രകാരം നീതിമാന്റെ പദവി അതാണ്, വിശുദ്ധിക്കുവേണ്ടിയുള്ള ഒരു ഉന്നത വിളിയാൽ അത് അലംകൃതമാവുന്നു.

കൃപ വിശുദ്ധിയെ കൊണ്ടുവരുന്നു.

ദൈവകൃപയാൽ നമുക്ക് നൽകപ്പെട്ട ഒരു ഉപദേശത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു, അതു സകല മനുഷ്യർക്കും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ കൃപ സകല മനുഷ്യർക്കും പ്രത്യക്ഷമായിരിക്കുന്നു. അതു പഠിപ്പിക്കുന്നത്, ദുഷ്ടതയും ലോകമോഹവും വിട്ട് ഈ ലോകത്തിൽ നിർമ്മലതയോടും നീതിയോടും കൂടെ ജീവിക്കണം. നമ്മെ പഠിപ്പിക്കുവാനും, പരിശീലിപ്പിക്കുവാനും ഒരുക്കുവാനുമായി ദൈവത്തിന്റെ കൃപ ഒരു അദ്ധ്യാപകനെപ്പോലെ വന്നിരിക്കുന്നു. സ്വർഗ്ഗത്തിന്റെ സമ്പത്തിന്റെ നിറവുകളിലേയ്ക്ക് നമ്മെ ഒരുക്കുവാൻ വിശുദ്ധിയുടെ പാഠങ്ങൽ നമ്മെ പഠിപ്പിക്കുവാൻ മക്കളോട് എന്ന പോലെ ഇടപെടുവാൻ ക്രിസ്തു തന്റെ സ്വന്തം ആളത്വത്തിൽ നമുക്കു പ്രത്യക്ഷമായി.

ദൈവകൃപയുടെ പ്രത്യക്ഷത നമ്മെ മഹത്വപ്രത്യക്ഷതയ്ക്കായി ഒരുക്കുന്നു. ന്യായപ്രമാണത്തിന് ചെയ്യാൻ കഴിയാഞ്ഞതിനെക്കാൾ വ്യക്തമായി ദൈവകൃപ നമ്മിൽ പ്രവേശിച്ച നമ്മുടെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു. സ്വതന്ത്രമായ ദൈവകൃപയുടെ ഹൃദയാംഗമായ സന്തോഷത്തിലേക്ക് നാം അടുത്തുവരുമ്പോൾ വിശുദ്ധമായ ഒരു പ്രമാണവും ഒരു

(5-ാം പേജിന്റെ തുടർച്ച)

രണ്ടു പ്രത്യക്ഷതകളും ദൈവകൃപയുടെ പ്രമാണവും

അപ്പന്റെ സ്നേഹമുള്ള ഭരണവും സ്വർഗ്ഗീയമായ ഒരു പരിശീലനവുമാണ് നാം കാണുന്നത്. സ്വർത്ഥതയും വഴിവിട്ട സ്വാതന്ത്ര്യവും അവിടെയില്ല, എന്നാൽ ദൈവകൃപ നമ്മെ പിടിച്ചു നിർത്തി അടക്കി ഭരിക്കുന്നു. അത് വിശുദ്ധിയിലേക്ക് നമ്മെ സ്വതന്ത്രമാക്കുന്നു, പാപത്തിന്റെ പ്രമാണത്തിൽ നിന്നും മരണത്തിൽ നിന്നും നമ്മെ വിടുവിക്കുന്നു. "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു" (രോമർ.8:2). കൃപയുടെ പ്രമാണം സംബന്ധിച്ച് അപ്പോസ്തലൻ പറയുന്ന മൂന്ന് പരിണിത ഫലങ്ങളുണ്ട്. തൃജിക്കുക, ജീവിക്കുക, നോക്കിപാർക്കുക.

തൃജിക്കുക, ജീവിക്കുക, നോക്കിപ്പാർക്കുക

ഒന്നാമത്തേത് തൃജിക്കുക. എന്താണ് നാം തൃജിക്കേണ്ടത്? ഒന്നാമതായി നാം അഭക്തിയെ തൃജിക്കണം. അടുത്തതായി, ലോകമോഹത്തെ തൃജിക്കണം, അതായത്, ഈ കാലഘട്ടത്തിലെ, അല്ലെങ്കിൽ ഈ തലമുറയിലെ മോഹങ്ങളെ തൃജിക്കണം. ഈ കാലഘട്ടം ദുർമോഹങ്ങളാൽ നിറഞ്ഞിരിക്കുന്നു. അതിനെക്കുറിച്ച് പൗലൊസ് എഴുതിയിരിക്കുന്നു. കണ്മോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം, അവയെ പൂർണ്ണമായി ഉപേക്ഷിക്കണം. നാം അവയെ നിശ്ചയമായും വെറുക്കുന്നു. ലോകത്തോടും നാം ഇങ്ങനെ പറയും, ഈ കാര്യങ്ങൾ നിങ്ങൾക്ക് വിടാൻ കഴിയാത വണ്ണം സ്വന്തമായിരിക്കാം. ഞങ്ങൾക്ക് അവയെ ആവശ്യമില്ല. ഞങ്ങൾ ലോകത്തിനുള്ളവരല്ല, അതുകൊണ്ട് ആ വഴികൾ ഞങ്ങൾക്കുള്ളതല്ല. ഈ കാലഘട്ടത്തിന് ഞങ്ങളുടെമേൽ സ്വാധീനം ചെലുത്താൻ സാദ്ധ്യമല്ല, ഞങ്ങളുടെ യഥാർത്ഥമായ ജീവിതം നിത്യതയിൽ ക്രിസ്തുവിനോടുകൂടെയാണ്, ഞങ്ങളുടെ സംസാരവും സ്വർഗ്ഗത്തെക്കുറിച്ചാണ്. ദൈവകൃപയുടെ പദവിക്കെതിരെയുള്ള തത്വശാസ്ത്രങ്ങളും, മഹത്വങ്ങളും, പദവികളും, അലങ്കാരങ്ങളും ഞങ്ങൾ തൃജിക്കുന്നു.

എന്നാൽ പ്രിയ സഹാദരന്മാരേ, നിങ്ങൾക്ക് പൂർണ്ണമായി നിഷേധാത്മകമായ ഒരു മതത്തിൽ പൂർണ്ണമായി ആയിരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് അടുത്ത വാക്ക് ജീവിക്കുക, അതായത്, നാം നിർമ്മദരായും നീതിയോടും ദൈവഭക്തിയോടും ഈ കാലഘട്ടത്തിൽ ജീവിക്കണം. അങ്ങനെ ജീവിക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. അതുകൊണ്ട് ഒരിക്കലും ഈ ഉപദേശത്തിൽ നിന്നും അന്യപ്പെട്ടുപോകരുത്. ദൈവകൃപയിൽ ജീവിതം പ്രദർശിപ്പിച്ച് കാണിക്കാനുള്ള ഇടമാണ് ഈ സമൂഹം. ദൈവകൃപ നിങ്ങളിലുണ്ടെങ്കിൽ ആ ദൈവകൃപയെ വെളിപ്പെടുത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ അത് മറ്റൊരു കാലഘട്ടത്തിലല്ല, അതിനുള്ള സമയം ഇതാണ്. നിങ്ങൾ ഒരു വെളിച്ചമായി ഇരുണ്ട സ്ഥലത്ത് പ്രകാശിക്കണം.

ശേഷിക്കുന്നതായ ഒന്ന്, നോക്കിപ്പാർക്കുക എന്നതാണ്. നോക്കിപ്പാർക്കുകയും ജീവിക്കയും വേണം. ദൈവകൃപയുടെ ഒരു പ്രവൃത്തി എന്നത്, മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയെന്ന അനുഗ്രഹിക്കപ്പെട്ടപ്രത്യാശക്കായി നോക്കിപ്പാർക്കുക എന്നതാണ്. എന്താണ് ആ അനുഗ്രഹിക്കപ്പെട്ട പ്രത്യാശ? നമ്മുടെ കർത്താവു വരുമ്പോൾ നാം മരണത്തിൽ നിന്നും ഉയിർക്കും. നാം ജീവിച്ചിരിക്കുന്നു എങ്കിൽ ഒരു പക്ഷേ ഉറക്കത്തിലായാലും നാം രൂപാന്തരം പ്രാപിക്കും. നമ്മുടെ പ്രത്യാശ എന്നത്, ദൈവം നമ്മെ ചേർത്തുകൊള്ളും. മാത്രമല്ല അവിടുത്തെ ശബ്ദം നാം ഇങ്ങനെ കേൾക്കും, "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ" (മത്താ.25:21). കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു.

ദൈവകൃപയിൽ ജീവിതത്തിലുള്ള നമ്മുടെ നേട്ടം മഹത്വകരമായ ഭാവിയിലാണ്. നാം വിശ്വസിക്കാനുള്ള സമയം ഇതാണ്. അവിടുത്തെ വരവിന്റെ മാറ്റൊലികൾ നാം കേൾക്കുന്നു. നമ്മുടെ കർത്താവു വരുന്നു, വിശ്വാസിയുടെ പ്രത്യാശ അതത്രേ, അത് ദുഷ്ടതയെ തരണം ചെയ്യാൻ നമ്മെ സഹായിക്കുന്നു. അവിടുത്തെ ദൂത് ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക് എന്നതാണ്. അവന്റെ പ്രത്യക്ഷതയിങ്കൽ കളങ്കമില്ലാത്തവരായി നില്പാൻ ശ്രമിക്ക. ദൈവം അതിന് നമ്മെ സഹായിക്കും. പാപത്തിൽ നിന്നും നമ്മെ വിളിച്ച് വേർതിരിച്ച് ദൈവത്തിനായി ജീവിക്കുവാൻ നമ്മെ ഒരുക്കുന്ന ദൈവകൃപയുടെ പ്രമാണത്തിന്റെ മഹത്വത്തെ സഹോദരാ നീ കാണുന്നില്ലേ? ❖

(4-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ കൃപ നാം ചിന്തിക്കുന്നതിനേക്കാൾ എത്രയോ അത്ഭുതകരമാണ്

പത്രോസിനെ നോക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളിലൂടെ യേശുക്രിസ്തുവിന്റെ ഉത്തമ സാക്ഷിയായിത്തീരുവാനിടയായത്. ആദ്യം പത്രോസ് ഒരു മീൻ പിടിത്തക്കാരനായിരുന്നു; യേശുപത്രോസിനെ വിളിച്ചപ്പോൾ വളളവും വലയും വിട്ട് യേശുവിനെ അനുഗമിച്ചു. യേശു പത്രോസിനെ മനുഷ്യരെ പിടിക്കുന്നവനാക്കി (മർക്കൊസ് ഒന്നാം അദ്ധ്യായം). വലിയവായുള്ള, ആവേശക്കാരനായ, പലപ്പോഴും അബദ്ധം കാണിക്കുന്ന എടുത്തുചാട്ടക്കാരനായ പത്രോസിനെ ദൈവം രൂപാന്തരപ്പെടുത്തി സുവിശേഷത്തിനും യേശുവിനും പ്രയോജനമുള്ള മനുഷ്യനാക്കി. പതിറ്റാണ്ടുകൾക്കു ശേഷം കർത്താവിനുവേണ്ടി റോമിൽ രക്തസാക്ഷിയായിത്തീരുകയും ചെയ്തു.

ഏതാണ് പത്രോസിന്റെ ഏറ്റവും പ്രധാനമായ നിമിഷം? യേശു തന്റെ സിംഹാസനം അക്ഷരീകമായി ഭൂമിയിൽ സ്ഥാപിക്കുന്നതിനു മുമ്പ് തന്നെ യേശു അവനെ അനുഗ്രഹിച്ച് ഉയർത്തി. ഗലീലയുടെ തീരങ്ങളിൽ മാത്രമല്ല ലോകത്തുടനീളം യേശുവിന്റെ നാമത്തിനുവേണ്ടി വിളിക്കപ്പെട്ട തന്റെ ശിഷ്യന്മാർക്കും നേതൃത്വം നൽകാൻ തക്കവണ്ണം ലോകത്തിലെ വിശ്വാസികൾക്കും പത്രോസിനെ ഇടയനാക്കി ഉയർത്തി. (ലൂക്കൊ. 21-ാം അധ്യായം).

തന്നെ രൂപാന്തരപ്പെടുത്തിയ ദൈവകൃപയുടെ അത്ഭുതം ഓരോ വിശ്വാസികളെയും രൂപാന്തരപ്പടുത്തുവാൻ മതിയായതാണ് എന്ന് പത്രോസ് അറിഞ്ഞിരുന്നു. അതുകൊണ്ട് താൻ സംസാരിക്കുന്നത് കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ. അവന് എപ്പോഴും എന്നേയ്ക്കും a l X zw B ta³ " (2പത്രൊ. 3:18). കൃപയിൽ വളരുക. മറ്റൊരു നിലയിൽ പറഞ്ഞാൽ, ദൈവത്തിന്റെ അത്ഭുതസുവിശേഷം എന്നത് ഒരു പ്രത്യേക സമയത്തിനു വേണ്ടിയുള്ളതല്ല, പിന്നെയോ, സ്ഥിരമായതും, മഹത്വകരമായതും ദൈവത്താൽ പരിപോഷിപ്പിക്കപ്പെടുന്നതും രൂപാന്തരപ്പെടുത്തുന്നതും എപ്പോഴും എല്ലാവർക്കും വേണ്ടി പ്രവർത്തിക്കയും ചെയ്യുന്ന ദൈവപ്രവൃത്തിയത്രേ.

നിങ്ങൾ ചോദിക്കും, പഴയനിയമ കാലത്ത് ജീവിച്ചിരുന്ന വിശുദ്ധന്മാർ എങ്ങനെ

(ശേഷം 7-ാംപേജിൽ)

(4-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ കൃപ നാം ചിന്തിക്കുന്നതിനേക്കാൾ എത്രയോ അത്ഭുതകരമാണ്

യാണ്? എന്ന്. നല്ല ചോദ്യം. അതിന്റെ ഉത്തരം ലളിതമാണ്. കൃപ രൂപാന്തരപ്പെടുത്തുന്ന ദൈവത്തിന്റെ പ്രവൃത്തി ഉയർത്തപ്പെട്ട ക്രിസ്തുവിനാൽ നിവർത്തിക്കപ്പെട്ടു. അത് തലമുറകളിലേയ്ക്ക് പകരപ്പെട്ടു. അവർ തലമുറകളിലേക്ക് കൈമാറുന്നു. ഇന്നത്തെ വിശുദ്ധന്മാർക്ക് യേശുക്രിസ്തുവിനാൽ കൃപ പകരപ്പെട്ടു. “അവരിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിനുവരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയേയും മുമ്പിൽ കൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്ന് പ്രാചകന്മാർ ആരാഞ്ഞു നോക്കി, തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രെ തങ്ങൾ ആശുശ്രൂഷ ചെയ്യുന്നു എന്ന് അവർക്കു വെളിപ്പെട്ടു. സ്വർഗ്ഗത്തിൽ നിന്നും അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ അത് ഇപ്പോൾ നിങ്ങളെ അറിയിച്ചിരിക്കുന്നു ഇതിലേക്ക് ദൈവദൂതന്മാരും കുനിഞ്ഞു നോക്കുവാൻ ആഗ്രഹിക്കുന്നു (1പത്രൊ. 1:10-12).

എങ്ങനെയാണ് ആ ദൈവകൃപ ദാവീദിൽ വ്യാപരിച്ചത്. ദൈവം ദാവീദിനെ ആടുകളുടെയിടയിൽ നിന്നും വിളിച്ച് വേർതിരിച്ച് തന്റെ തലമുറയിൽ തന്നെ ദൈവത്തിന്റെ രാജ്യത്തിന്റെ മുന്നിരയിൽ നില്പാൻ യോഗ്യനാക്കി. ലജ്ജിതനായ ഒരു ചെറുപ്പക്കാരനിൽ നിന്നും ദൈവവചനത്തെ അലങ്കരിക്കുന്ന ഒരു തിളങ്ങുന്ന കഥാപാത്രത്തിന്റെ സന്തോഷത്തിലേയ്ക്ക് രൂപാന്തരപ്പെടുത്തി. അനേകയുദ്ധങ്ങൾ നടത്തിയ കൊലപാതകൻ എന്ന നിലയിൽ നിന്നും ദാവീദിന്റെ പുത്രൻ എന്ന പേർ വരുവാൻ തക്കവണ്ണം യേശുവിന്റെ പിതാക്കന്മാരുടെ തലമുറയിലേക്ക് ഉയർത്തപ്പെട്ടു. ദാവീദിനെ ദൈവം ഉയർത്തിയില്ലെങ്കിൽ എങ്ങനെയാണ് ദാവീദ് ഉയർത്തപ്പെടുന്നത്. ഉയർത്തപ്പെട്ട യേശുക്രിസ്തുവിന്റെ നിഴലിൻ കീഴത്രേ, ദാവീദ് ജീവിച്ചിരുന്നത്.

പുതിയനിയമകാലത്തോ പഴയനിയമകാലത്തോ, എപ്പോൾ ജീവിച്ചിരുന്നാലും ദൈവകൃപ എല്ലാ കാലത്തും ഒരു പോലെയത്രേ പകരപ്പെടുന്നത്. വേദപുസ്തകം വിവരിക്കുന്ന ദൈവകൃപ പണ്ടത്തെയോ വരുവാനുള്ളതിലോ ഉള്ള കാര്യങ്ങളല്ല നമ്മോടു ചോദിക്കുന്നത്. പിന്നെയോ ഇന്ന് നാം എങ്ങനെ ആയിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നമ്മെ വിധിക്കുന്നത്.

അങ്ങനെയെങ്കിൽ, ഇപ്പോൾ മുതൽ, ശ്രദ്ധയോടിരിക്ക, എന്തിനുവേണ്ടിയാണ് നാം പ്രാർത്ഥിക്കേണ്ടത്! ദൈവകൃപയെ ശരിയായി മനസിലാക്കിയിരിക്കുക എന്നത്, ലോകത്തിലെ ഏറ്റവും വലിയതാണ്. ദൈവകൃപ അത്ഭുതകരമാണ്. കാരണം അതിന്റെ പ്രതിഫലനങ്ങൾ വളരെ ശ്രേഷ്ടമായതാണ്.

പലപ്പോഴും പല വിശ്വാസികളും പ്രാർത്ഥിക്കുന്നത്, ദൈവം കൃപയുള്ളവനായി അവരുടെ ഒന്നോ അതിലധികമോ ആയ ചില വിഷയങ്ങൾക്കോ സാഹചര്യങ്ങൾക്കോ വേണ്ടി പ്രവർത്തിക്കണം എന്നാണ്. അതു നല്ലതാണ്. എന്നാൽ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ ആഗ്രഹിക്കുന്ന ദൈവപ്രവർത്തി ഉണ്ടാകുവാൻ തക്കവണ്ണം നിങ്ങൾ ആയിരിക്കുന്ന സാഹചര്യത്തിൽ, വിഷയങ്ങളിൽ, വ്യക്തികളിൽ, അല്ലെങ്കിൽ സമൂഹത്തിൽ ദൈവത്തിനു പ്രവർത്തിക്കുവാൻ വാതിൽ തുറന്ന് മഹത്വത്തിന്റെ രാജാവ് പ്രവേശിക്കുവാൻ തക്കവണ്ണം നിങ്ങൾ സാഹചര്യമുണ്ടാക്കുകയും നിങ്ങൾ അവിടെ ഉണ്ടായിരിക്കയും വേണം. അങ്ങനെ നമ്മുടെ പരമാധികാരിയായ ദൈവം തന്റെ പ്രവർത്തി അയച്ച് തന്റെ മഹത്വപ്രകാരം പ്രത്യേകമായ അനുഭവങ്ങളുടെ വഴിയിൽ നമുക്ക് മറുപടി തരും. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ് വാൻ നമ്മിൽ വ്യാപാരിക്കുന്ന ശക്തിയാൽ കഴിയുന്നവനും” (എഫെ. 3:20).

എന്റെ സഭയിൽ സഭായോഗത്തിന്റെ ഒടുവിൽ കൈകളെ കോർത്തു പിടിച്ചു പ്രാർത്ഥിക്കയും വേദപുസ്തകം പറയുന്ന ആശീർവ്വാദവചനം പറയുകയും ചെയ്യുമായിരുന്നു. അത് ഇരട്ടി അനുഗ്രഹമായി കണ്ടിട്ടുണ്ട്. അത് 2കൊരിന്ത്യർ 13:14-ൽ കാണുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ”.

സഭായോഗങ്ങളിലോ മറ്റു സന്ദർഭങ്ങളിലോ ഉള്ള ഇങ്ങനെയുള്ള പ്രാർത്ഥനയുടെ ആവശ്യമില്ല എന്ന് ചിലർ പറഞ്ഞാൽ അവരോട് ഇങ്ങനെ മറുപടി പറയാം. ജീവിതങ്ങളെ സമൂലമായ പരിവർത്തനം വരുത്തുന്ന പ്രവൃത്തി വരുന്ന ആഴ്ചയിലും നിങ്ങളുടെ ജീവിതത്തിൽ നടക്കട്ടെ. പിതാവ് പുത്രനിലൂടെ ചെയ്യുന്ന രൂപാന്തരപ്പെടുത്തുന്ന പ്രവൃത്തിയും ദൈവത്തിന്റെ ശക്തിയിലും വാഗ്ദത്തത്തിലും വ്യാപരിക്കുന്ന ദൈവസ്നേഹവും നിങ്ങളിൽ വർദ്ധിക്കട്ടെ. ഓരോ ദിവസവും ഈ അത്ഭുതകരമായ ദൈവകൃപ നിത്യമായും വ്യക്തിപരമായും സമൂഹമായും നിങ്ങളുടെ മേൽ പകർന്ന് നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാൽ നമ്മെ അനുഗ്രഹിക്കട്ടെ.

ആരെങ്കിലും നിങ്ങൾക്കു വേണ്ടി ആ ആശീർവാദ വചനം പറഞ്ഞ് പ്രാർത്ഥിപ്പാൻ ആഗ്രഹിക്കുന്നുവോ? നാം ചിന്തിക്കാത്ത ധാരാളം മാറ്റങ്ങൾ ജീവിതത്തിൽ കൊണ്ടുവരുന്ന, ക്രിസ്തുവിനോടുകൂടെ ഭാവിയിൽ നിങ്ങളെ നില്ക്കുമാറാക്കുന്ന, എല്ലാം അവസാനിക്കുമ്പോഴും ക്രിസ്തുവിനോടു ചേർത്തു നിർത്തുന്ന ഈ അത്ഭുതകരമായ ദൈവകൃപയെ സ്വീകരിപ്പാൻ നിങ്ങൾ ഒരുക്കമാണോ? ഉയർത്തപ്പെട്ട ക്രിസ്തുവിന്റെ ശക്തിയാൽ അത്യധികമായി നമ്മെ രൂപാന്തരപ്പെടുത്തുന്ന ദൈവകൃപയെക്കുറിച്ച് കൂടുതൽ അന്വേഷിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?

അത്ഭുതകരമായ കൃപ? അതെ, ഇത് അത്ഭുകരമാണ്. ദൂരവ്യാപകമായി അത് അത്ഭുതകരമാണ്. നാം ചിന്തിക്കുന്ന ഏത് അളവിനെക്കാൾ അത് നമ്മെ രൂപാന്തരപ്പെടുത്തുന്നു. അതുകൊണ്ട് പ്രിയ വായനക്കാരാ ഈ ആശീർവാദവചനം നിങ്ങളുടെ മേൽ ഇരിക്കട്ടെ. ത്രിയേക ദൈവത്തന്റെ ഇഷ്ടമാണിത്. അതുകൊണ്ട് ഞാനും ആഗ്രഹിക്കുന്നു. അതു ക്രിസ്തുവിലൂടെ നിങ്ങൾക്കും ലഭിക്കട്ടെ. സന്തോഷത്തോടെ ഏറ്റു കൊള്ളൂ, ❖

(കഴിഞ്ഞ ലക്കം തുടർച്ച)

അത്ഭുതവാനായ യേശു

യേശുക്രിസ്തു സമ്പൂർണ്ണമായി തന്റെ പിതാവിനെ സ്നേഹിച്ചു; മനുഷ്യരോടുള്ള സ്നേഹവും അപ്രകാരം ഉള്ളതാണ്. മനുഷ്യരോട് ഉള്ള സ്നേഹത്തിൽ വിവേചനം ഇല്ല; നല്ലവരെയും നികൃഷ്ടരെയും ഒരുപോലെ സ്നേഹിക്കുന്നു. യോഹന്നാനെയും നഥനയേലിനെയും സ്നേഹിച്ചതുപോലെ ഗദരദേശത്തിലെ അശുദ്ധാത്മാവ് ബാധിതനെയും, ക്രൂശിലെ കള്ളനെയും, ഏഴു ദുരാത്മാക്കൾ ഉണ്ടായിരുന്ന സ്ത്രീയെയും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെയും യേശുക്രിസ്തു സ്നേഹിച്ചു. യേശുക്രിസ്തു തന്റെ ശത്രുക്കളെയും സ്നേഹിക്കയും ക്ഷമയോടെ ക്രൂശിലെ കഠിനവ്യഥയം നിന്ദയും പരിഹാസവും വളരെ സഹിഷ്ണതയോടെ അനുഭവിക്കയും ചെയ്തു. “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതു എന്ന് അറിയായ്ക കൊണ്ടു ഇവരോടു ക്ഷമിക്കണമേ ” എന്നു പറഞ്ഞു. ലൂക്കൊസ്. 23:34. ജനത്തിന്റെ പ്രധാനി

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

അത്ഭുതവാനായ യേശു

കളും പടയാളികളും യേശുവിനെ പരിഹസിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ലൂക്കൊസ് 23:35,36.

യേശുവിന്റെ സ്നേഹം തന്നെത്തന്നെ യാഗം ആക്കുന്നതിൽ നിന്ന് പിൻമാറിയില്ല.

" നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ". 2കൊരിന്ത്യർ 8:9.

" അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു". ഫിലി. 2:6-8.

അത്ഭുതകരം, അത്ഭുതരം, ആശ്ചര്യജനകമായ സ്നേഹം പിതാവിനോട് സമനായി സ്വർഗ്ഗത്തിൽ ആയിരുന്ന യേശുക്രിസ്തു ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ സ്വർഗ്ഗീയ മഹത്വവും ബഹുമാനവും ഉപേക്ഷിച്ച് ഇഹലോകത്തിൽ വരികയും വഴിയമ്പലത്തൽ സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ ജനിക്കുന്നതിന് ജനനസ്ഥലമായി ഏറ്റെടുക്കുകയും പാവപ്പെട്ട ഒരു തച്ചന്റെ തൊഴിൽ ശാലയിൽ അഭ്യസനം നടത്തുകയും ജനത്തിൽ നിന്നും മഹാപുരോഹിതരിൽ നിന്നും ശാസ്ത്രിമാരിൽ നിന്നും നിന്ദയും വെറുപ്പും തിരസ്കരണവും ഏറ്റുവാങ്ങുകയും ഗദ്ശെമനയിലെ ഹൃദയ വ്യഥയും ഒറ്റപ്പെടുത്തലും ക്രൂശിലെ ലജ്ജാകരവും അധിക്ഷേപകരവും ആ.യ മരണവും സ്വയം അംഗീകരിച്ച് കൊണ്ട് ദുഷ്ടന്മാരും പുറംതള്ളപ്പെട്ടവരും പാപികളും ആയ മനുഷ്യവർഗ്ഗത്തിന്റെ നിത്യരക്ഷ നല്കി വീണ്ടെടുത്ത യേശുക്രിസ്തു അത്ഭുതവാൻ തന്നെയാണ്. അതിനാൽ യെശയ്യാവിന്റെ പ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് "യേശുക്രിസ്തു അത്ഭുതമന്ത്രി" എന്ന സവിശേഷത ഏവരും അംഗീകരിപ്പാൻ യോഗ്യമായതത്രേ. യേശുക്രിസ്തുവിന്റെ സൗമ്യത, വിനയം, കുലീനത, ക്ഷമ, സഹിഷ്ണത, ധൈര്യം, പുരുഷത്വം എന്നിവ അതിൽ ചിലതു മാത്രമാണ്. യേശുവിന്റെ സ്വഭാവം അതിശയം ഉളവാക്കുന്ന താ ണെന്ന സത്യത്തിന് മതിയായ വിശദീകരണം നല്കിയിരിക്കുന്നു.

4. യേശുക്രിസ്തുവിന്റെ പ്രവർത്തനത്തിൽ അത്ഭുതവാൻ

യേശുക്രിസ്തുവിന്റെ പ്രകൃതിയിലും സ്വഭാവത്തിലും അത്ഭുതവാനായിരിക്കുന്നതുപോലെ തന്റെ പ്രവർത്തനത്തിലും അത്ഭുതവാൻ ആണ്. ഒന്നാമതായി, അവൻ പാപത്തിന് പരിപൂർണ്ണ പ്രതിശാന്തി വരുത്തിയിരിക്കുന്നു. "നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താ ന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി യെശ .53:6. നമ്മുടെ ഓരോ പാപത്തിന്റെയും പ്രതിശാന്തി യേശുവിന്റെ ക്രൂശു മരണത്താൽ കടംവീട്ടിയിരിക്കുന്നു. യേശുവിന്റെ മരണം മൂലം പൂർണ്ണമായി പാപത്തിന് പ്രായശ്ചിത്തം വരുത്തിയിരിക്കുന്നതിനാൽ നാം യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപത്തിന്റെ പ്രതിശാന്തി കൈക്കൊള്ളുമ്പോൾ നമ്മുടെ ഓരോ പാപും ദൈവത്തിന്റെ കണക്കിൽ നിന്ന് തുടച്ചുമാറ്റുകയും നമ്മെ പൂർണ്ണമായി നീതീകരിക്കയും ചെയ്യുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്, അവൻ നമുക്കുവേണ്ടി പപം ആക്കി. 2കൊരി. 5:21. അത്ഭുതകരമല്ലേ? ഏറ്റവും അധമനായ പാപി, കളളൻ, കുലപാതകൻ, ദൈവദൂഷകൻ, വേശ്യ എന്നിവർ തങ്ങളുടെ പാപവുമായി യേശുവിങ്കൽ വരുമ്പോൾ പ്രായശ്ചിത്ത മരണം നിമിത്തം എല്ലാ പാപവും നിഷ്കാസം ചെയ്യപ്പെട്ട് ദൈവമുമ്പിൽ നീതീകരിക്കപ്പെടുന്നു. ക്രൂ ശിൽ പരമ യാഗമായ യേശുക്രിസ്തുവിന്റ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു, നമ്മുടെ സകല പാപങ്ങൾക്കും പ്രായശ്ചിത്തം (1യോഹന്നാൻ 1:7). വരുത്തവാൻ യേശുക്രൂശിൽ തൂങ്ങു മ്പോൾ " എന്റെ ദൈവമേ, എന്റെ ദൈവമേ " നീഎന്നെ കൈവിട്ടത് എന്ത്? എന്ന നിലവിളിയുടെ ശബ്ദം പിതാവിൽ നിന്ന് വേർപെട്ടതിനാൽ സംഭവിച്ചതത്രേ. യേശു നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ച്ചു ആത്മാവിനെ ഏല്പിച്ചുകൊടുത്തു. യോഹന്നാൻ 19:30 യേശുവിന്റെ പ്രായശ്ചിത്ത മരണം എല്ലാ മനുഷ്യരുടെയും പാപത്തിൽ നിന്നുള്ള മോചനത്തിന് മതിയായതാണ്.

രണ്ടാമതായി, യേശു പാപത്തിന്റെ ശക്തിയിൽ നിന്ന് നമ്മെ രക്ഷിക്കുന്നു. ഏതൊരു മനുഷ്യനും പാപത്തിൽ നിന്നുള്ള വിടുതലിനായി യേശുവിൽ ആശ്രയിക്കുന്നുവോ അവന് പാപമോചനും പാപത്തിന്റെ ശക്തിയിൽ നിന്ന് വിടുതലും ലഭിക്കുന്നു. നാം ക്രിസ്തുവിൽ സ്വതന്ത്രർ ആകുന്നു. പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും. യോഹ. 8:36. ഇന്ന് ഈ ഭൂമിയിൽ ഒരു മനുഷ്യൻ പോലും യേശുവിലുള്ള സ്വാതന്ത്ര്യത്താൽ വിടുതൽ പ്രാപിക്കാത്തതായി ഇല്ല. അനേകം സ്ത്രീ പുരുഷന്മാരെ യേശു സ്വതന്ത്രരാക്കിയിരിക്കുന്നു. നിശ്ചയമായും യേശു പൂർണ്ണമായി രൂപാന്തരപ്പെടത്തുന്നു. ദൈവദൂഷണം നടത്തിയ മനുഷ്യൻ ഇപ്പോൾ പ്രാർത്ഥിക്കുന്നു. നികൃഷ്ടമായ പുസ്തകങ്ങൾ സ്നേഹിച്ചവൻ ഇപ്പോൾ വേദപുസ്തകം സ്നേഹിക്കുന്നു. ചോദ്യം ചെയ്യപ്പെടുന്ന കഥകൾ പറഞ്ഞ വ്യക്തി ഇന്ന് സ്തുതിഗീതങ്ങൾ പാടുന്നു. ഒരിക്കൽ പാപത്തിന് ഏല്പിച്ചുകൊടുത്തവൻ ഇപ്പോൾ അവർ സഹജീവികൾക്കു വേണ്ടി പ്രവർത്തിക്കുന്നു.

" ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി ഇതാ അത് പുതുതായി തീർന്നിരിക്കുന്നു" 2കൊരി. 5:17.

യേശുക്രിസ്തു ഭാവിയിൽ അധികം അത്ഭുതകാര്യങ്ങൾ ചെയ്യും. അവന്റെ പുനരാഗമനത്തിൽ ക്രിസ്തുവിൽ മരിച്ചവർ പുനരുത്ഥാനം പ്രാപിക്കും. അവന്റെ സ്വരൂപത്തോടെ നമ്മെ അനുരൂപരാക്കും. ഇന്ന് കാണുന്ന രോഗം ബാധിച്ചതും ദുർബ്ബലമായതും വേദന സഹിക്കുന്നതും ആയ ശരീരം യേശുവിന്റെ വരവിങ്കൽ മഹത്വമുള്ളതും എല്ലാ ബലഹീനതകളം പരിമിതികളും വേദനകളും നിഷ്ക്കാസനം ചെയ്യപ്പെട്ടതും ആയ ശരീരമായി രൂപാന്തരപ്പെടും. അപ്പോൾ നമ്മടെ ആന്തരിക സ്വഭാവവും മാറ്റത്തന് വിധേയപ്പെടും. " നാം യേശുവിനെപ്പോലെ ആകും: ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും ആയിത്തീരും" റോമർ 8:17.

അവനെ കൈക്കൊള്ളുന്നവരുടെ ജ്ഞാനവും അനുഗ്രഹീത പദവിയും നാം ചിന്തിക്കുമ്പോൾ യേശുകർത്താവ് എത്ര അത്ഭുതവാൻ ആകുന്നു എന്ന് നാം അറിയുന്നതിന് ഇടയാകും. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975